പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6076 02.04.2018 ലെ മറുപടിക്ക്

## കയർമേഖലയുടെ ഉന്നമനത്തിനായി ചകിരിമില്ലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ആർ. രാജേഷ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർമേഖലയുടെ ഉന്നമനത്തിനായി നടത്തുന്ന പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ചകിരിമില്ലുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; | എ) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 100 ഡി.എഫ് മില്ലുകളുടെ പ്രവർത്തനം കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനായി 8.15 കോടി രൂപ നീക്കി വയ്ക്കുകയും ആയതിനു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) തൊണ്ട് സംസ്കരണവും കയറുപിരിയും ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കയർ രംഗത്തെ ഉന്നത അധികാര സമിതിയായ അപ്പക്സ് ബോഡി ഫോർ കയർ (എ.ബി.സി)ന്റെ ജില്ലാതലസമിതികൾ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതികൾ കയർ പ്രോജക്ട് ഓഫീസുകളുമായി ചേർന്ന് തൊണ്ട് സംഭരണം കാര്യക്ഷമമായി മുന്നോട്ട് കൊണ്ട് പോകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. തൊണ്ട് സംഭരണത്തിനും വിതരണത്തിനുമായി ആധുനിക സാങ്കേതി വിദ്യയുടെ സഹായത്തോടെ ഒരു മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊണ്ട് സംഭരിച്ച് കയർ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനു പകരം അതാത് നാളികേര മേഖലയിൽ മില്ലുകൾ സ്ഥാപിച്ച് ചകിരി കയർ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുന്നത്. 2017-18 സാമ്പത്തിക വർഷം തൊണ്ട് സംഭരണത്തിനുള്ള |

| | |
|---|---|
| | റിവോൾവിംഗ് ഫണ്ട്, ഇൻസെന്റീവ് എന്നിവയ്ക്കായി 10 കയർ പ്രൊജക്ടുകളിലേയ്ക്ക് 1,73,50,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>നിലവിലെ പദ്ധതി അനുസരിച്ച് തൊഴിലാളികൾക്കും സംഘങ്ങൾക്കും സ്വകാര്യ ഡി.എഫ് മില്ലുകൾക്കും ഇൻസെന്റീവ്, സബ്സിഡി എന്നിവ നൽകുന്നുണ്ട്. കൂടാതെ സംഘങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റും നൽകുന്നുണ്ട്. തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുന്നതോടു കൂടി ചകിരി ക്ഷാമം വലിയ അളവിൽ പരിഹരിക്കാൻ കഴിയും. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടായിരിക്കും ഇത് നടപ്പാക്കുക. ഡി.എഫ്.മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉൽപ്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ് യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13.07.2017 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ് മില്ല് സ്ഥാപിച്ചു കഴിഞ്ഞു.<br>തൊണ്ട് സംസ്കരണം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കയർ സഹകരണ സംഘങ്ങൾക്ക് ഡീഫൈബറിംഗ് മില്ലുകൾ, വില്ലോയിംഗ് മെഷീനുകൾ എന്നിവ നൽകി വരുന്നു. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് ചുവടെ പറയുന്ന മെഷീനുകൾ |

| | |
|---|---|
| | നൽകിയിട്ടുണ്ട്.<br>1. ഡീഫൈബറിംഗ് മെഷീനുകൾ (15 എച്ച്.പി)- 3 പ്രോജക്ടുകളുടെ കീഴിൽ വരുന്ന 19 സംഘങ്ങൾക്കായി 19 എണ്ണം.<br>2. വില്ലോയിംഗ് മെഷീൻ- 4 പ്രോജക്ടുകൾക്ക് കീഴിൽ വരുന്ന 38 സംഘങ്ങൾക്കായി 46 എണ്ണം.<br>കയറുപിരി ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം കയർ സഹകരണ സംഘങ്ങൾക്ക് ഇലക്ട്രോണിക് റാട്ടുകൾ നൽകി വരുന്നു. ഈ സർക്കാർ നാളിതുവരെയായി സംഘങ്ങൾക്ക് ചുവടെ പറയുന്ന യന്ത്രങ്ങൾ നൽകിയിട്ടുണ്ട്.<br>1. ഇലക്ട്രോണിക് റാട്ട് - 10 പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന 233 സംഘങ്ങൾക്കായി 2525 എണ്ണം<br>2. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ